തസ്തികകളിൽ ഒഴിവുകൾ ഉണ്ട് ; ഒഴിവുള്ള തസ്തികകൾ എന്ന് മുതൽ ഒഴിഞ്ഞുകിടക്കുന്നു ; എപ്രകാരം വന്ന ഒഴിവുകളാണെന്നും ഒഴിവുകൾ ഉള്ള സ്കൂളുകളുടെ പേരും വിശദമാക്കാമോ ;

(ബി) ഈ ഒഴിവുകളിൽ ഓരോന്നിലും നിയമനം നടത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കറ്റ്യാടി മണ്ഡലത്തിലെ സ്കൂളിലെ അദ്ധ്യാപകക്ഷാമം

80 (3813) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറ്റ്യാടി മണ്ഡലത്തിലെ കറ്റ്യാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പട്ടോളി, പൈങ്ങോട്ടായി, തിരുവള്ളൂർ ഗവൺമെന്റ് യു. പി. സ്കൂൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ സ്കൂളുകളിലെ അധിക അദ്ധ്യാപകരെ പുനർവിന്യസിച്ചോ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയോ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാലിശ്ശേരി ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

81 (3814) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വിദ്യാർത്ഥികൾ പഠിക്കുന്ന, അങ്കമാലി നിയോജക മണ്ഡലത്തിലെ കുറുക്കുറ്റി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാലിശ്ശേരി ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly